3. കോഴിക്കോട് സർവ്വകലാശാല

ഫസ്റ്റ് ഗ്രേഡ് കോളേജ്	..	മിനിമം 15 ഏക്കർ
ജൂനിയർ കോളേജ്	..	10 ഏക്കർ
ഓറിയന്റൽ കോളേജ്	..	3 ഏക്കർ

(സി) എ. ഐ. സി. റ്റി. ഇ., ഐ. എം. സി., എൻ. സി. റ്റി. ഇ. എന്നീ കേന്ദ്ര ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിനാവശ്യമായ സ്ഥല വിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു:

കോളേജ്		*സ്ഥല വിസ്തൃതി*	
1. മെഡിക്കൽ	..	25 ഏക്കർ	
2. ഫാർമസി	..	5 ഏക്കർ	
3. നഴ്സിംഗ്	..	4 ഏക്കർ	
4. ദന്തൽ	..	5 ഏക്കർ	
5. ആയുർവേദം	..	25 ഏക്കർ	
6. എഞ്ചിനീയറിംഗ്	..	5 ഏക്കർ	(നഗരപ്രദേശം)
		10 ഏക്കർ	(ഗ്രാമപ്രദേശം)
7. നിയമം	..	7 ഏക്കർ	(നഗരപ്രദേശം
		12 ഏക്കർ	(ഗ്രാമപ്രദേശം)

(ഡി) ഉണ്ട്.

(ഇ) സ്വാശ്രയ കോളേജുകളിലെ സിലബസ്സും സർക്കാർ എയ്ഡഡ് കോളേജുകളിലെ സിലബസ്സും സമാനമാണ്. കാലാനുസൃതമായ സിലബസ്സ് പരിഷ്കരണത്തിലൂടെയും അക്കാഡമിക് ഓഡിറ്റിലൂടെയും മെറിറ്റ് നിലനിർത്താൻ സർവ്വകലാശാലകൾ ശ്രമിക്കുന്നുണ്ട്.

താലൂക്ക് സഭകളും ഗ്രാമസഭകളും പുനരാരംഭിക്കുന്നതിന് നടപടി

*13 [282] ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് സഭകളും ഗ്രാമസഭകളും ഇപ്പോൾ സംസ്ഥാനത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടായിരുന്ന പ്രയോജനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) താലൂക്ക് സഭകൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമസഭകൾ അത്ര സജീവമല്ല.

(ബി) പൊതുജനങ്ങളുടെ പരാതികൾ രമ്യമായി പരിഹരിക്കുവാൻ മിക്കവാറും കേസുകളിൽ കഴിയാറുണ്ട്. വഴി തർക്കങ്ങൾ, അതിരുതർക്കങ്ങൾ, മാലിന്യ പ്രശ്നങ്ങൾ, ഗതാഗത പ്രശ്നങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, ശല്യമുള്ള മരത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റൽ, പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്നീ തരത്തിലുള്ള പരാതികളാണ് താലൂക്ക് സഭയിൽ പരിഗണനയ്ക്ക് വരുന്നത്.

(സി) കൂടുതൽ സജീവമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് വികസനം

*14 [283] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് നിർമ്മാണത്തിൽ എത്ര കിലോമീറ്റർ റോഡിന്റെ വികസനമാണ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലൂടെ കടന്ന് പോകുന്നുവെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന റോഡ് വികസന പദ്ധതിയിൽ (കെ. എസ്. ടി. പി.) 1600 കി. മീ. റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തുന്നത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly